# ST JOSEPH'S CGHS KOTTAYAM




# ACADEMIC MASTER PLAN 2025

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | |
| 2 | ലക്ഷ്യങ്ങൾ | |
| 3 | വിദ്യാലയത്തിൻ്റെ ലഘുചരിത്രം | |
| 4 | വിദ്യാലയം മികവിൻ്റെ കേന്ദ്രം – കാഴ്ചപ്പാട് | |
| 5 | പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ | |
| 6 | നിലവിലെ അവസ്ഥാ വിശകലനം | |
| 7 | മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ | |
| 8 | പദ്ധതി വിശദാംശങ്ങൾ<br><br>(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം) | |
| 9 | പ്രതീക്ഷിത നേട്ടങ്ങൾ | |
| 10 | മോണിട്ടറിംഗ് രീതി | |
| | ഉപസംഹാരം | |

# വിദ്യാലയത്തിന്റെ പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| **വിദ്യാലയത്തിന്റെ പേര്** | : സെന്റ് ജോസഫ്സ് സി ജി എച്ച് എസ് കോട്ടയം |
| **അഡ്രസ്സ്** | : ലോഗോസ് ജങ്ഷൻ ,കളക്ടേറ്റ് പി ഓ കോട്ടയം 686001 |
| **ഫോൺ** | : 0481 2569625 |
| **സ്കൂൾ കോഡ്** | : 33043 |
| **വിദ്യാഭ്യാസ ഉപജില്ല** | : കോട്ടയം ഈസ്റ്റ് |
| **വിദ്യാഭ്യാസ ജില്ല** | : കോട്ടയം |
| **റവന്യൂജില്ല** | : കോട്ടയം |
| **ബി.ആർ.സി** | : കോട്ടയം ഈസ്റ്റ് |
| **സി.ആർ.സി** | : കോട്ടയം ഈസ്റ്റ് |
| **ബ്ലോക്ക് പഞ്ചായത്ത്** | : പള്ളം |
| **ജില്ലാപഞ്ചായത്ത്** | : കോട്ടയം |
| **നിയമസഭാ മണ്ഡലം** | : കോട്ടയം |
| **ലോകസഭാ മണ്ഡലം** | : കോട്ടയം |

# ആമുഖം

135 വർഷം മുൻപ് അക്ഷര നഗരിയായ കോട്ടയം ജില്ലയുടെ ഹൃദയ ഭാഗത്തു സി എസ് എസ് ടി സന്യാസിനിമാരാൽ സ്ഥാപിതമായ സെന്റ് ജോസഫ്സ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ വിദ്യാഭ്യാസ രംഗത്ത് ജ്ഞാന വെളിച്ചവും വിതറിക്കൊണ്ട് തിളങ്ങി നിൽക്കുന്നു .

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് വികസനോൻമുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യുക എന്നതാണ് ഈ സ്കൂളിന്റെ ലക്ഷ്യം മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനുമായി കുട്ടികളെ വളർത്തിയെടുക്കുക ദാരിദ്ര്യം ഇല്ലായ്മ , നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം തുടങ്ങി സമൂഹത്തിന് ഏറ്റവും പ്രയോജനപ്രദമായ ഗുണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഗുണനിലവാര വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം ഇവിടെ സാധൂകരിക്കുന്നു .

എൽപി, എച്ച് എസ്, യുപി തലങ്ങളിലൊയി 260 കുട്ടികൾ പഠനം നടത്തുന്നു 20 അധ്യാപകരും 4 അനധ്യാപകരും കർമ്മനിരതരായി സേവനം ചെയ്യുന്ന ഈ സ്കൂളിൽ എസ് എസ് എൽ സി പരീക്ഷയ്ക്ക് 100% വിജയവും 9 എ+ ഉം കൊയ്യാൻ സാധിക്കുന്നതും ഈശ്വര കാരുണ്യം കൊണ്ടും പ്രഥമഅദ്ധ്യാപകയുടെയും സ്റ്റാഫ് അംഗങ്ങളുടെയും ഒറ്റക്കെട്ടായ പ്രവർത്തനം കൊണ്ടും മാത്രമാണ് . വർഷങ്ങളായി വളരെ സജീവമായി പ്രവർത്തിക്കുന്ന സ്കൂൾ പിടിഎ യും അധ്യാപരും ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ് . മികച്ചരീതിയിൽ സ്കൂൾ പരിസരത്ത് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും നടക്കുന്നു. ഗൈഡ്, റെഡ് ക്രോസ്സ് ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സംഘടനകൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഗൈഡ്സ് രാജ്യപുരസ്കാർ രാഷ്ട്രപതി അവാർഡുകൾ നേടി പോരുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ശാസ്ത്രമേളയിൽ പങ്കെടുത്ത് സബ് ജില്ല , ജില്ല, സംസ്ഥാന തലങ്ങളിൽ സമ്മാനാർഹരാകുകയും ചെയ്യുന്നു. സ്കൂൾ കലോത്സവത്തിൽ ജില്ലാ തലത്തിൽ വിവിധ ഇനങ്ങകളിൽ പങ്കെടുത്തു. എല്ലാ ദിനാചരണങ്ങളും സമുചിതമായി ആചരിക്കുന്നു .ദിനാചരണങ്ങളിൽ പ്രത്യേക വായന , വാർത്താവയന, ഇന്നത്തെ ചിന്താവിഷയം എന്നിവ ഉൾപ്പെടുത്തി ഹിന്ദി ,ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ മനോഹരമായ അസംബ്ലി നടത്തി പോരുന്നു .സന്മാർഗ്ഗ പ്രബോധന ക്ളാസ്സുകൾ സജ്ജീവമായി നടക്കുന്നു .

ഹൈടെക് ക്ളാസ് മുറികളും ലാബുകളും ലൈബ്രറിയും പരിസ്ഥിതിയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികൾക്ക് ഉണർവും ഉന്മേഷവും നൽകുന്ന വിധത്തിലാണ് ക്ലാസ്സുകൾ നടത്തുന്നത് .9 ഹൈടെക് റൂമുകൾ സ്കൂളിനുണ്ട് .കലാ കായിക രംഗങ്ങളിലും കുട്ടികളെ പരിശീലിപ്പിച്ചു പോരുന്നു . കായിക രംഗങ്ങളിൽ ശോഭിക്കാൻ പര്യാപ്തരായ ധാരാളം വിദ്യാർഥികൾ സ്കൂളിലുണ്ട് എങ്കിലും നല്ലൊരു ഗ്രൗണ്ടിന്റെ അഭാവവും സ്ഥല പരിമിതിയും സ്പോർട്സ് രംഗത്ത് കുട്ടികൾക്ക് മുന്നേറാനുള്ള വെല്ലുവിളികളാണ് . അതുപോലെ തന്നെ വിവരസാങ്കേതിക രംഗത്ത് മുന്നിലൊണെങ്കിലും ഹൈടെക് ക്ലാസ്സുകളുടെ പോരായ്മ വിദ്യാലയത്തിലെ കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട് . കുട്ടികൾക്ക് പഠിക്കാൻ തക്ക മികച്ച ശാസ്ത്ര- സാമൂഹിക- ഗണിത- ഐ ടി- ലാംഗ്വേജ് ലാബുകളുടെ പരിമിതിയും കുട്ടികളെ ബാധിക്കുന്നു . എൽ പി ക്ളാസ്സുകളിൽ ചെറിയ കുട്ടികളുടെ മനസ്സിനെയും ബുദ്ധിയെയും പിടിച്ചിരുത്തുന്ന തരത്തിൽ നിറഭംഗിയോടെയുള്ള ക്ളാസ് മുറികളും കളി സാധനങ്ങളും ഇല്ലാത്തതും; ഈ ഹൈ – ടെക് കാലഘട്ടത്തിലും ഫ്ലോർ ടൈലുകൾ ഇടാത്ത ക്ളാസ് മുറികളും പോരായ്മയാണ് .

# OUR VISION

*Empowering our students to empower Society / humanity especially the socially and economically marginalized, creating a civilization of love.*

# OUR MISSION

*To promote value-based education*

*To contribute to the transformation of society.*

*To enlighten our students regarding their basic human rights*

*To work towards gender sensitivity*

*To work towards the integrity creation*

*To motivate the young contribute to nation building*

## ലക്ഷ്യങ്ങൾ

- വിദ്യാ ഭ്യാസം ഒരു കുട്ടിയുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് ഉപകരിക്കുന്നതാവണമെന്ന ഗാന്ധിജിയുടെ ആദർശത്തെയും ഉൾക്കൊള്ളുന്നതാകണം വിദ്യാലയങ്ങൾ.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- 1 മുതൽ 10 വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അദ്ധ്യാപനവും, അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിൻ്റെ ലഘുചരിത്രം

### സെന്റ് ജോസഫ്സ് CGHS കോട്ടയം – ഒരു ചെറിയ ചരിത്രം

സെന്റ് ജോസഫ്സ് സ്കൂൾ കോട്ടയം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ്. **1893**–ൽ പെൺപള്ളിക്കൂടമായി ആരംഭിച്ച ഈ സ്ഥാപനത്തിന്റെ തുടക്കം, കോട്ടയത്തിലെ സാമൂഹികവും വിദ്യാഭ്യാസപരവുമായ നവോത്ഥാനകാലവുമായി ബന്ധപ്പെട്ടതാണ്.

ആദ്യകാലത്ത്, നാട്ടുകാരുടെ സഹായത്തോടെയും മിഷനറിമാരുടെ പിന്തുണയോടെയും, പെൺകുട്ടികൾക്ക് അടിസ്ഥാനവിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ആരംഭിച്ചു. അന്നത്തെ കാലഘട്ടത്തിൽ പെൺവിദ്യാഭ്യാസം വളരെ പരിമിതമായിരുന്ന സാഹചര്യത്തിൽ, സെന്റ് ജോസഫ്സ് വലിയൊരു സാമൂഹിക ദൗത്യം ഏറ്റെടുത്തുവെന്ന് പറയാം.

ക്രമേണ സ്കൂൾ വളർന്നു, വിവിധ തലങ്ങളിൽ വിദ്യാഭ്യാസം വ്യാപിപ്പിച്ചു. **20–ആം** നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുകയും, മികച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും വളർത്തുകയും ചെയ്തു. കോട്ടയത്തിലെ സ്ത്രീശക്തീകരണത്തിനും, വിദ്യാഭാസ രംഗത്തെ പുരോഗതിക്കും സ്കൂളിന്റെ സംഭാവന നിർണായകമായിരുന്നു.

ഇന്ന് സ്കൂൾ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ വിദ്യാഭ്യാസം നൽകുന്നു. **130** വർഷത്തിലധികം പഴക്കമുള്ള ഈ സ്ഥാപനത്തിന് സമ്പന്നമായ ചരിത്രമുണ്ട്. വിദ്യാഭ്യാസത്തിനൊപ്പം മൂല്യാധിഷ്ഠിത ജീവിതവും സാമൂഹിക ബോധവുമാണ് സ്കൂൾ എല്ലായ്പ്പോഴും മുൻനിർത്തിയിട്ടുള്ളത്.

## വിദ്യാലയം മികവിൻ്റെ കേന്ദ്രം – കാഴ്ചപ്പാട്

- ക്ലാസ്സ് മുറിയിലെ അനുഭവങ്ങൾ കുട്ടികളിൽ ഉണർവ് ഉണ്ടാകുന്നതാവണം.
- ജീവിതമൂല്യങ്ങളാവണം ജീവിതത്തിന് വഴികാട്ടിയാവേണ്ടത് എന്ന തിരിച്ചറിവ് നൽകുക
- വിദ്യാഭ്യാസത്തിൽ തുല്യപങ്കാളിത്തം ഉറപ്പുവരുത്തണം.
- പരിസ്ഥിതി സ്നേഹം, സംരക്ഷണം, നിലനിർത്തൽ എന്നിവയുടെ ആവശ്യകത വളർത്തുന്നതാവണം വിദ്യാലയാന്തരീക്ഷം.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി. യോഗത്തിൽ സെന്റ് ജോസഫ്സ് കോൺവെന്റ് ഹൈസ്കൂൾ 2025 എന്ന വികസന കാഴ്ച പ്പാട് അവതരിപ്പിക്കലും ചർച്ചയും.

- വികസനാവശ്യങ്ങൾ ക്ലാസ്സ് വിഷയം അടിസ്ഥാനത്തിൽ ഭൗതീകം, അക്കാദമികം ,സാമ്പത്തികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ,

- കരട് രൂപരേഖ ശില്പശാലയിൽ അവതരിപ്പിക്കൽ. കോർപ്പറേറ്റ് മാനേജർ ,ലോക്കൽ മാനേജർ ജനപ്രതിനിധികൾ പി ടി എ അംഗങ്ങൾ തുടങ്ങി ശില്പശാലയിൽ പങ്കെടുത്തവരുടെ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ,

- പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

### എ) ഭൗതീകം – നേട്ടങ്ങൾ

ആധുനിക സൗകര്യങ്ങളോടുകൂടിയ മൂന്നുനില സ്കൂൾ കെട്ടിടം നിലവിലുണ്ട്. എല്ലാ ക്ലാസ്സ് റൂമുകളും വൈദ്യുതീകരിച്ചു. ക്ലാസ് മുറികളിൽ ഫാൻ, ലൈറ്റ് എന്നിവ സജ്ജീ കരിച്ചിട്ടുണ്ട്. ശൗചാലയം ആൺകുട്ടികൾക്കും പെൺകുട്ടി കൾക്കും പ്രത്യേകമായി നിർമ്മിച്ചിരിക്കുന്നു. എൽ പി ,യു.പി, എച്ച്.എസ്. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ സയൻസ് ലാബുകൾ, നല്ല സജ്ജീകരണങ്ങളോടുകൂടിയ ലൈബ്രറിയും ഓഡിയോ വിഷ്വൽ ഹാളും ഉണ്ട് .നല്ല പാചകപ്പുര ,ഊണ് മുറി , ശുദ്ധീകരിച്ച കുടിവെള്ളസൗകര്യം എന്നിവ ഉണ്ട്. എല്ലാ നിലകളിലും അനൗൺസ്മെന്റിനായി സ്പീക്കർ സൗകര്യം പ്രത്യേക രീതിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ജൈവവൈവിധ്യ ഉദ്യാനം, 800 ഓളം കുട്ടികൾക്ക് ഒരേ സമയം ഇരിക്കാൻ സൗകര്യമുള്ള സജ്ജീകരണങ്ങളോടുകൂടിയ ആഡിറ്റോറിയം, വാഹന സൗകര്യം, പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന ടർഫ് {കളിസ്ഥലം} എന്നിവയുണ്ട് .

### ബി) ഭൗതീകം – പരിമിതികൾ

വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനു നല്ലൊരു മെസ് ഹാൾ ഇല്ല.

മഴവെള്ള സംഭരണിയില്ല.

പഴയ ടോയ്‌ലറ്റുകൾ മാറ്റി പുതിയവ ആവശ്യമാണ്

ക്ളാസ്സ് മുറികളിൽ ടൈൽ പാകേണ്ടതുണ്ട്

ഓഫീസ് റൂം ,സ്റ്റാഫ് റൂം ,കോൺഫ്രൻസ് ഹാൾ എന്നിവ മികവുറ്റതാക്കണം

**സി) അക്കാദമികം – നേട്ടങ്ങൾ**

തുടർച്ചയായി എസ്.എസ്.എൽ.സി. പരീക്ഷയയ്ക്ക് 100% വിജയം കരസ്ഥമാക്കി പോരുന്നു. എസ്.എസ്.എൽ.സി. കുട്ടികൾക്ക് മോർണിംഗ് ഈവനിംഗ് നൈറ്റ് ക്ലാസ്സ് എന്നീ ങ്ങനെ നൽകി പോരുന്നു. ജെ.ആർ.സി, സ്കൗട്ട് & ഗൈഡ് ,ലിറ്റിൽ കൈറ്റ്സ് എന്നിവയും ഭംഗി യായി നടന്ന് പോരുന്നു. ഇവയുടെയും സ്കൂൾ പി.റ്റി.എ.യുടെയും നേതൃത്വത്തിലുള്ള ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടന്നുപോരുന്നു. കലാകായികം എന്നിവയിലും കുട്ടികൾ സംസ്ഥാനതലം വരെയുള്ള കുട്ടികൾ പങ്കെടുക്കുന്നു. വർഷം സ്പോർട്സിലും വിജയിച്ചു പോരുന്നു എൻ.എം.എം.എസ്. എൻ.റ്റി.എസ്, യു.എസ്.എസ്. എന്നിവ കുട്ടികൾ എല്ലാ വർഷവും കരസ്ഥമാക്കുന്നുണ്ട്.

**ഡി) അക്കാദമികം പരിമിതികൾ**

ICT ഉപകരണങ്ങൾ പലതും കാലഹരണപ്പെട്ടതിനാൽ ക്ലാസ്സ് റൂമിൽ പഠനപ്രവർത്തനങ്ങളിൽ ആ പോരായ്മ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു

ലാബ് സംവിധാനം നന്നായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും പരീക്ഷണങ്ങൾക്കായി അടുത്തുള്ള കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു

**ഉദ്ദേശിക്കുന്ന മാറ്റങ്ങൾ**

**അക്കാദമികം**

1. സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കുട്ടികളുടെ അക്കാദമിക മികവ് വളർത്തുന്നതിനായി രൂപപ്പെടുത്തിയെടുക്കുക.
2. അക്ഷര പഠനവും എഴുത്തും വായനയും ഏറ്റവും ഫലപ്രദമായി കുട്ടികളിലേക്ക് എത്തിക്കുക .
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കൽ
4. ഗണിത ശാസ്ത്ര പഠനത്തോട് താത്പര്യം വളർത്താൻ വേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി അവ കുട്ടികളെ പരിശീലിപ്പിക്കാൻ
5. കലാ കായിക മേഖലകളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി ജില്ലാ സംസ്ഥാന ദേശീയ രംഗത്തു മികവ് തെളിയിക്കുന്നവരായി വളർത്തിയെടുക്കൽ
6. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആതുര സേവനം ചെയ്യുവാൻ അവസരം നൽകുക
7. സ്കൂൾ പഠനം നേടുന്ന ഏതൊരു കുട്ടിക്കും മലയാളം ,ഇംഗ്ലീഷ് ,ഹിന്ദി എന്നീ ഭാഷകൾ അനായാസം എഴുതാനും വായിക്കാനുമുള്ള മികവ് നേടുക .
8. സ്കൂൾ പഠനം നേടുന്ന ഏതൊരു കുട്ടിക്കും ഏതെങ്കിലും ഒരു സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള അവസരമൊരുക്കൽ
9. ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതനപ്രവണതകൾ മനസ്സിലാക്കൽ
10. ഭിന്നശേഷിക്കാരുൾപ്പെടെയുള്ള എല്ലാ കുട്ടികളുടെയും ശേഷി അളന്നു കൊണ്ട് അവർക്കു പരിശീലനങ്ങൾ നൽകുക .
11. ഭിന്നശേഷിക്കാരെ പ്രത്യേകം തിരിച്ചറിഞ്ഞ് അവർക്കായി പഠന പ്രവർത്തനം തയ്യാറാക്കൽ
12. പ്രതിഭാശാലികളായ കുട്ടികളെ കണ്ടറിഞ്ഞ് അവർക്കായി പ്രത്യേകം പഠനവിഭവങ്ങൾ തയ്യാറാക്കൽ
13. സ്കൂളിൽ നിന്ന് പഠിച്ചിറങ്ങുന്ന ഓരോ കുട്ടിയും അറിവിനൊപ്പം ജ്ഞാനവും നേടിയിറങ്ങാൻ ഉതകുന്ന തരത്തിൽ ക്ലാസ്സുകൾ ക്രമീകരിക്കുക .

**അനക്കാദമികം**

1. ടാലന്റ് ലാബ് പ്രവർത്തിക്കാനുള്ള പദ്ധതികളും പരിശ്രമങ്ങളും നടത്തുന്നു
2. പ്രകൃതി ഒരു പാഠപുസ്തകം എന്ന നിലയിൽ പഠനം നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക
3. വിസ്മയ ചുമരുകൾ പ്രായോഗികമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു .
4. കലാ കായിക സാഹിത്യ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു
5. സ്ത്രീ ശാക്തീകരണം സ്ത്രീ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു .
6. അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
7. ഇൻഡോർ ഗെയിംസിനുള്ള സാദ്ധ്യതകൾ കണ്ടെത്തൽ
8. ബാൻഡ് സെറ്റ് മുതലായ കലകൾ പരിപോഷിപ്പിക്കുന്നതിനായി ആവശ്യമായ വാദ്യോപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ
9. ഐടി ലാബ് മെച്ചപ്പെടുത്താൻ പദ്ധതികൾ കണ്ടെത്തൽ
10. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
11. ഊട്ടുപുര മെച്ചപ്പെടുത്തൽ
12. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മണ്ണിര കമ്പോസ്റ്റ് ,പൈപ്പ് കമ്പോസ്റ്റ് പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ജലമലിനീകരണം തടയൽ പദ്ധതി എന്നിവ നടപ്പിലാക്കൽ.
13. ജല സംരക്ഷണവുമായി ബന്ധപ്പെട്ട കിണർ റീചാർജിങ്, മഴക്കുഴി നിർമ്മൊണം, ജല സംഭരണികൾ പുനഃസ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുക.
14. ലഹരി വിമുക്ത ക്യാമ്പസ് സാധ്യമാക്കുന്നതിനു ബോധവൽക്കരണ സെമിനാറുകൾ, ഫ്ലാഷ് മൊബ് തെരുവ് നാടകം, പോസ്റ്റർ നിർമ്മാണം ,ഷോർട്ട് ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുക.
15. കാർഷിക സംസ്കാരം വളർത്തുന്നതിന് ജൈവ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് കുട്ടികളെ ബോധവത്കരിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക .
16. ജൈവ വൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ശലഭോദ്യാനം ,മീൻ കുളം എന്നിവ സ്ഥാപിക്കൽ
17. കുട്ടികളുടെ പാർക്ക് നിർമ്മിക്കുക
18. മരങ്ങൾക്ക് സമീപം കുട്ടികള്ക്ക് ഇരിപ്പിടം ക്രമീകരിക്കൽ
19. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയ ടോയ്‌ലെറ്റ് സംവിധാനം
20. കോൺഫ്രൻസ് ഹാൾ സ്റ്റാഫ് റൂം ,ഓഫീസ് റൂം ഇവ പുതുക്കൽ

**ഭിന്നശേഷിക്കാക്കുർക്കുള്ള പരിഗണന**

*പ്രത്യേക പരിശീലന മുറി
*പ്രത്യേക പഠനോപകരണങ്ങൾ
*ഐടി അധിഷ്ഠിത പരിശീലനം
*അഭിരുചി കണ്ടെത്തി തൊഴിൽ പരിശീലനം
*അഭിരുചി കണ്ടെത്തി കലാ കായിക പരിശീലനം
*ലാങ്ഗ്വേജ് ലാബ് ഉപയോഗിച്ചുള്ള പരിശീലനം
*പ്രത്യേക പഠന കിറ്റുകൾ ഉപയോഗിച്ചുള്ള പരിശീലനം
*പരിശീലകൾക്കുള്ള സഹായം ക്രമപ്പെടുത്തൽ
*ചാർട്ടുകൾ അക്ഷര കാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പഠനം

**ടാലന്റ് ലാബ്**

എല്ലാ വിഷയങ്ങളും പഠനോപകാരണങ്ങളുടെ സഹായത്തോടെ ഭിന്ന ശേഷിക്കാരായ കുട്ടികളെ ലളിതമാക്കി പഠിപ്പിക്കാൻ അധ്യാപകർക്ക് സാധിക്കുന്നു . മിടുക്കരൊയ കുട്ടികൾക്ക് അധ്യാപകർ മികച്ച പഠന സാദ്ധ്യതകൾ ചൂണ്ടി കാണിക്കുക വഴി കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് എത്താൻ അവർക്ക് സാധിക്കുന്നു . പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെയും മുന്നാക്കം നിൽക്കുന്നവരെയും ഒരേ പരിഗണന നൽകിക്കൊണ്ട് മികച്ച പഠന മേഖലയിൽ എത്തിക്കുവാൻ സാധിക്കുന്നു .

## വ്യത്യസ്ത വിഷയങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ

## English Malayalam Hindi (Language Learning)

- Materials for word games.
- Dictionary for reference.
- Letter blocks to learn new words for the special students.
- Puzzles situation for the students using letters.
- Language lab with sounds to enable language activities.
- Availability of reference test, biography of great writers.
- Availability of IT facilities- projector laptop screen and sound systems.
- Ultra portable PA system for Megaphoning
- CDs of language games Rhymes and poem
- Language devoloping software

## സോഷ്യൽ സയൻസ്

1.ഭിന്നേശേഷിക്കാക്കുർക്കുള്ള പരിഗണനനവീഡിയോ ശേഖരണം –ഭൗമ പ്രതിഭാസങ്ങൾ ,ചരിത്ര സംഭവങ്ങൾ പുരാവസ്തു ശേഖരണം

2.മോഡലുകൾ ,ഗ്ലോബ് മാപ്പ് എന്നിവയുടെ ശേഖരണം

3.അറ്റ്ലസ് ,റഫറൻസ് ടെക്സ്റ്റ് ,ചരിത്രപുസ്തകങ്ങൾ ,സർവ്വ വിജ്ഞാന കോശം എന്നിവയുടെ ശേഖരണം .

4.ചാർട്ട് നിർമ്മാണ സാമഗ്രികൾ ,ടെലിസ്കോപ്പ് ,സീരിയോസ്കോപ്പ് ,ഹൈഡ്രോമീറ്റർ ബാരോമീറ്റർ ,ഗ്രാഫ് ,വടക്കനോക്കിയന്ത്രം ,തെർമോമീറ്റർ എന്നിവയുടെ ശേഖരണം .

5.സൂപ്പർ മെറ്റിരിയലുകൾ ,പ്രാദേശിക ചരിത്രരചന മാതൃകകൾ .

6.സർവ്വേ ഫോം മാതൃകകൾ ,സർവ്വേ ഫോം റിപ്പോർട്ടുകൾ ,5 മുതൽ 10 വരെ ക്ലാസ്സുകളിൽ സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട ഐ ടി സോഫ്റ്റ് വെയർ ഉൾപ്പെടുത്തിയ കമ്പ്യൂട്ടർ സിസ്റ്റം

7ചരിത്ര നേതാക്കൾ പ്രമുഖ വ്യക്തികൾ എന്നിവയുടെ ചിത്രങ്ങളും കുറിപ്പുകളും ഉൾപ്പെടെയുള്ള ആൽബം.

## സയൻസ്

* 5 മുതൽ 10 വരെ പഠന പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി പഠന സാമഗ്രികൾ തയ്യാറാക്കൽ
* പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുവാനുള്ള അവസരങ്ങൾ ക്രമീകരിക്കാൻ
* സംശയ നിവാരണത്തിനുള്ള റഫറൻസ് പുസ്തകങ്ങൾ ക്രമീകരിക്കൽ
* ഐ ടി ലാബ് സാധ്യത നന്നായി ഉപയോഗിക്കുക
* ആക്ടിവിറ്റി ബോർഡ് സ്ഥാപിക്കുക
*ചാർട്ട് മോഡലുകൾ എന്നിവയ്ക്കുള്ള നിർമ്മാണ സാമഗ്രികൾ സാധ്യമാക്കുക .
* ഫൺ റോബോട്ടിക്ക് കിറ്റുകൾ ക്രമീകരിക്കുക
* പഠനോപകാരണങ്ങളായ വിവിധ മോഡലുകൾ ,മൈക്രോസ്കോപ്പ് സ്ലൈഡുകൾ ഇവ ലഭ്യമാക്കുക .

## ഗണിതം

* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ
* ഗണിത ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ നേട്ടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന CD
* ജിയോബോർഡ് ,ജ്യാമിതീയ ബോക്സ്
* ഗണിത മാസികകൾ
* പസിൽസ് വിവിധ ജാമിതീയ രൂപങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ

## Question Bank

വിവിധ കരിക്കുലത്തിലുള്ള പാഠപുസ്തകങ്ങളുടെ ശേഖരണം ,വിവിധ കാലഘട്ടത്തിലെ ചോദ്യങ്ങളുടെ ശേഖരണം

## കമ്പ്യൂട്ടർ പഠനം

ഐ ടി പഠനത്തിന് കുട്ടികൾക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും സജ്ജമാക്കുക , പ്രത്യേകിച്ച് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാപ്പ് ടോപ്പുകൾ പ്രൊജക്റ്ററുകൾ സ്ക്രീനുകൾ സ്പീക്കറുകൾ ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ചെയ്യുക .

## കലാകായിക പ്രവർത്തി പരിചയം

വിവിധ പഠന സാമഗ്രികൾ ലഭ്യമാക്കുക .പ്രത്യേകിച്ച് ചന്ദനത്തിരി നിർമ്മാണം ,മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ ,ബുക്ക് ബൈൻഡിങ് ,ചവിട്ടി നിർമ്മാണം ,ചിത്രത്തുന്നൽ ,,പെയിന്റിംഗ്.,വിവിധ തരം വസ്ത്ര നിർമ്മാണം ,ലോഹത്തകിടിൽ കൊത്തു പണി ,നെറ്റ് നിർമ്മാണം ,പേപ്പർ ക്രാഫ്റ്റ് നിർമ്മാണം,,കാർഡുകൾ ഫയലുകൾ ,ഹാർഡ് ബോർഡ് ഉപയോഗിച്ചുള്ള നിർമ്മാണം .ഇവ പരിശീലിപ്പിക്കുക .

വിവിധ സംഗീതോപകരണങ്ങൾ പരിചയപ്പെടുത്തുക. സംഗീതവുമായി ബന്ധപ്പെട്ട സി ഡി കൾ സംഗീതോപകരണങ്ങളുടെ വീഡിയോകൾ എന്നിവയുടെ പ്രദർശനം ,യോഗ ,കരാട്ടെ ,കളരി എന്നിവയുടെ പരിശീലനം ,വിവിധ കളികൾ സ്കില്ലുകൾ ,ആയോധന കലകൾ നൃത്ത പരിശീലനം വിവിധ കായിക ഉപകരണങ്ങളെ കുറിച്ചുള്ള പഠനം ഇവ നടത്തുക.

## പൊതു തീരുമാനങ്ങൾ

അധ്യാപകർ പാഠ്യപ്രവർത്തനങ്ങളിൽ വാർഷിക പ്ലാൻ, മന്ത്ലി പ്ളാൻ, വീക്കിലി പ്ലാൻ ഇവ തയ്യാറാക്കി അതിനനുസരിച്ച് തിയറി പ്രാക്ടിക്കൽ ക്ലാസുകൾ മുന്നോട്ടു കൊണ്ടുപോവുക.

കൃത്യമായ ഇടവേളകളിൽ ക്ലാസ് ടെസ്റ്റുകൾക്കും സമയം ഉൾപ്പെടുത്തുക.

കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ആഴ്ചതോറും ഉള്ള പരീക്ഷകൾ ഓരോ വിഷയത്തിനും ഒരു ദിവസം വീതം ക്രമീകരിക്കുക.

ഓരോ വിഷയത്തിനും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാരബോധനം

## ജോസഫൈറ്റ് പദ്ധതി

ഭാഷാവിഷയങ്ങളിലും ഗണിതശാസ്ത്ര-ശാസ്ത്ര-സാമൂഹികശാസ്ത്ര വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾകളുടെ പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ നൈസർഗിക വാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി ജോസഫൈറ്റ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തും

## എന്റെ കുട്ടി പ്രോഗ്രാം നടപ്പിൽ വരുത്തുക.

എന്റെ കുട്ടി രേഖ ആദ്യം തയ്യാറാക്കും .ഇതു വഴി ഓരോ കുട്ടിയുടെയും കുടുംബ പശ്ചാത്തലവും സാമൂഹ്യ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കുന്നത് വഴി കുട്ടിയെ മെച്ചപ്പെട്ട രീതിയിൽ നയിക്കുവാൻ സാധിക്കുന്നു തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ വീട് സന്ദർശിക്കുന്നത് വഴിയോ മാതാപിതാക്കളുടെ സ്കൂൾ സന്ദർശനം വഴിയോ അധ്യാപക രക്ഷാകർതൃബന്ധം സുദൃ ഢവും പ്രയോജനപ്രദവും ആകുവാൻ സാധിക്കുന്നു. പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ഇവാല്യവേഷൻ ഷീറ്റ് തയ്യാറാക്കി നൽകി, അധ്യാപകരുടെ അധ്യയന രീതി വിലയിരുത്തുവാനും സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ കുട്ടികൾക്ക് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തുവാനും സാധിക്കും. ഇവ സ്റ്റാഫ് മീറ്റിങ്ങുകളിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തുവാൻ സാധിക്കും.

## പാഠ്യേതരപ്രവർത്തനങ്ങൾ

സ്കൂൾ സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് ക്ലാസുകൾക്ക് പുറമേ ഡിപ്പാർട്ട്മെൻറ് ഏർപ്പെടുത്തുന്ന പ്രോഗ്രാമുകൾ,

സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ക്യാമ്പുകൾ വിവിധ ക്ലാസുകൾ എന്നിവ

ഗൈഡ്സ് യൂണിറ്റിൻ്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ അവബോധ പ്രവർത്തനങ്ങൾ, ക്ലാസുകൾ ക്യാമ്പ് തുടങ്ങിയവ

വായന പ്രോത്സാഹിപ്പിക്കുന്നതിന് ക്ലാസ് അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന സാഹിത്യ ക്ലബ്ബ് വായനാ മത്സരം, കയ്യെഴുത്തുമാസിക മത്സരം ക്വിസ് മത്സരം

കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും നേതൃത്വ പാടവത്തിനും ആഴ്ചയിൽ ഒരു ദിവസം നടത്തപ്പെടുന്ന സ്കൂൾ അസംബ്ളി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, എന്നീ ഭാഷകളിലായി ക്ളാസ്സ് അടിസ്ഥാനത്തിൽ അസംബ്ളി .

സ്കൂളിലെ വൈവിധ്യമാർന്ന സംഘടനകളുടെയും ക്ലബുകളുടെയും പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. സാമൂഹ്യശുചിത്വം, ട്രാഫിക് നിയന്ത്രണം. വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

ലഹരി ഉപയോഗത്തിനെതിരെ മനോഭാവം കുട്ടികളിൽ വളർത്തുന്നതിനായുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പ്രക്രിയയുടെ ഭാഗമാക്കുക സ്ക്രിപ്റ്റ് തയ്യാറാക്കി നാടകം, ഡിബേറ്റ്, റോൾപ്ലേ തുടങ്ങിയവയും ഫ്ളാഷ് മോബും നടത്തുക

റോഡിലൂടെ നടന്നു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് മുറിച്ചു കടക്കുമ്പോൾ അറിഞ്ഞി ക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴും പാലി ക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം കുട്ടികൾ ആർജ്ജിക്കുക.

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ സംബന്ധിച്ച അവബോധനക്ലാസ്സുകൾ നടത്തുക. സ്കൂൾ പച്ചക്കറിതോട്ടം, ഹരിതവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ നടപ്പാ

നല്ല ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിൻ്റെ അനിവാര്യത എന്നിവയേക്കുറിച്ച് മന സ്സിലാക്കുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക

**ഉപമേഖല - മലയാളം**
**ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦അക്ഷരം ഉറപ്പിക്കൽ<br>♦ചിഹ്നം ഉറപ്പിക്കൽ<br>♦പദ നിർമ്മാണം<br>♦വാക്യനിർമ്മാണം<br>♦ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>1 വർഷക്കാലം | ഭാഷ ക്ലബ് - കൈരളി<br>മലയാളം ടീച്ചർ |
| ♦ഭാഷയുടെ അടിസ്ഥാനശേഷി വികസനം | ♦എന്റെ അവധിക്കാലം, യാത്രാനുഭവങ്ങൾ സർഗ്ഗാത്മക രചനകളിലൂടെ അവതരിപ്പിക്കുന്നു. | 8 മാസം | മലയാളം ടീച്ചർ |
| ♦എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | ♦ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>♦ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>♦ക്ലാസ്സുകളിൽ പുസ്തകങ്ങൾ ലഭ്യമാക്കൽ<br>♦റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>♦വായനോത്സവം<br>♦വാർത്ത വായന | 6 മാസം-<br>1 വർഷം<br>ആവശ്യമനുരിച്ച്<br>3 മാസം<br>ആവശ്യമനുസരിച്ച്<br>എല്ലാദിവസവും | ലൈബ്രറിയുടെ ചുമതല നിർവ്വഹിക്കുന്ന ടീച്ചർ<br>മലയാളം അധ്യാപകർ |
| ♦പത്രവായന പരിപോഷിപ്പിക്കക | ♦പത്രവായന<br>♦പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>♦ഓരോ ക്ലാസിനും ഓരോ പത്രം.<br>♦രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>♦പത്രക്വസ് | ദിവസേന<br>എല്ലാദിവസവും | മലയാളം അധ്യാപകർ |
| ♦സർഗ്ഗശേഷി വികസനം | ♦വായനാനുഭവം പങ്കുവെക്കൽ<br>♦പുസ്തകചർച്ച<br>♦പുസ്തകാസ്വാദനം<br>♦രംഗാവിഷ്കാരം<br>♦നാടക ശില്പശാല<br>♦സംവാദം<br>♦അഭിമുഖം<br>♦സാഹിത്യകാരന്മാരുടെ ഭവനങ്ങളിലേക്കുള്ള സന്ദർശനം | 3 മാസത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ |

| ഉപമേഖല - മലയാളം<br>ഭാഷാശേഷി വികസനം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ♦ മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം<br>♦ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി സർഗ്ഗശേഷി വളർത്തൽ | ♦ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം<br>ഇ - മാഗസിൻ | 6 മാസം<br>വർഷത്തിൽ 1 | മലയാളം അധ്യാപകർ<br>ഐടി അധ്യാപകർ |

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | ♦ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>♦ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>♦ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | എല്ലാ ക്ലാസ്സും<br>മാസത്തിൽ 1 ദിവസം<br>ആഴ്ചയിൽ 1 ദിവസം | ബന്ധപ്പെട്ട ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി<br>ക്ലാസ് ടീച്ചർ |

## ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ♦ഇംഗ്ലീഷ് കഥ, കവിത, ഉപന്യാസം തുടങ്ങി സർഗ്ഗാത്മക രചനകളുടെ പ്രസിദ്ധീകരിക്കൽ | 3 മാസത്തിൽ ഒരിക്കൽ<br>1 വർഷം | ഇംഗ്ലീഷ് ടീച്ചർ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | ♦വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്<br>♦പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേത്ത് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ<br>♦ വൺമാൻ ഷോ (ആശയം നൽകിയുള്ള ഏകാഭിനയം)<br>♦ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>♦ റീഡർ ഓഫ് ദ മൻത് നെ ആദരിക്കുന്നു. | ആഴ്ചയിൽ 1 ദിവസം<br>മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ |

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം**
**ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായന പരിപോഷിപ്പിക്കൽ | ♦ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ<br>♦ വായനാകുറിപ്പ് തയ്യാറാക്കൽ<br>♦ എഫ് എം കോർണർ<br>♦ റേഡിയോ ഡ്രാമ<br>♦ ഐ റ്റു ക്യാൻ വായനകാർഡ് | ആഴ്ചയിൽ ഒരു ദിവസം<br><br>ടേമിൽ ഒരു തവണ<br><br>വർഷത്തൽ പല തവണ | ഇംഗ്ലീഷ് ടീച്ചർ<br><br>ലൈബ്രറിയുടെ ചുമതല നിർവ്വഹിക്കുന്ന ടീച്ചർ |
| അനയാസേന എഴുതാനുള്ള ശേഷി വികസനം | ♦മൈ ഡ്രോപ്‌ലെറ്റ്സ്<br>♦ക്ലാസ് മാഗസിൻ<br>♦ ക്ലാസ്സ് ഡിക്ഷനറി<br>♦ അലേർട്ട് സോൺ (സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ എന്നിവയുടെ പ്രദർശിപ്പിക്കൽ)<br>♦ റൺ ബേബി റൺ (ചാർട്ടിൽ പ്രദർശിപ്പിക്കുന്ന വാക്കുകൾ ഒരു തവണ വായിച്ചശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു.)<br>♦ ഫൺ ടൈം ഫണ്ട (കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവയുടെ അവതരണം.) | ആഴ്ചയിൽ ഒരു ദിവസം<br><br>ടേമിൽ ഒരു തവണ<br><br>വർഷത്തൽ പല തവണ | ഇംഗ്ലീഷ് ടീച്ചർ<br><br>ലൈബ്രറിയുടെ ചുമതല നിർവ്വഹിക്കുന്ന ടീച്ചർ |
| ഇംഗ്ലീഷ് ഭാഷയിൽ ആത്മവിശ്വാസം വളർത്തുന്നു. | ♦ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾ നടത്താനുള്ള അവസരം<br>♦ ദ ഇംഗ്ലീഷ് ബിനാലെ (ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി. ബിനാലെ നടത്തുന്നു. | വർഷാവസാനം | ഇംഗ്ലീഷ് ടീച്ചർ |

## ഹിന്ദി
## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦ 5,6,7 ക്ലാസ്സുകളിൽ അക്ഷരബോധം ഉറപ്പിക്കൽ | ♦പുതിയ പദങ്ങൾ, പദ്യങ്ങൾ ഇവയിൽ വരുന്ന അക്ഷരങ്ങളെ മനസ്സിലാക്കുക,<br>♦ ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ക്ലബ്ബ്<br>ഹിന്ദി ടീച്ചർ |
| ♦ എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | ♦ ലൈബ്രറിയിലെ ഹിന്ദി പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>♦ ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>♦ ടേമിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>♦ ഹിന്ദി നാടകം നടത്തുക.<br>♦ കുട്ടികളെ കൊണ്ട് ചെറു ചെറുവിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>♦ ഹിന്ദി പ്രസംഗം, കവിതാലാപനം ഉവ പരിപോഷിപ്പിക്കുക.<br>♦ തെറ്റായി വായിക്കുന്നത് കുട്ടികൾ ശ്രദ്ധിച്ച് ശരിയായ വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്നു. | 2 മാസം<br>ആവശ്യമനുസരിച്ച് | |
| ♦ ഹിന്ദിയിൽ ആശയ വിനിമയത്തിലുള്ള കഴിവ് വളർത്തൽ | ♦ ഹിന്ദിമാത്രം ക്ലാസ്സുകളിൽ ഉപയോഗിക്കാൻ ശ്രമിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | |

| ഉപമേഖല: അറബിക് ഭാഷാപ്രവർത്തനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക | ♦ മുന്നറിവ് പരിശോധിക്കൽ<br>♦ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>♦ വാചകങ്ങൾ നിർമ്മിക്കൽ<br><br>♦ ഭാഷാ കളികൾ | ജൂൺ മാസത്തിൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ<br><br>3 മാസത്തിൽ ഒരിക്കൽ | അറബിക് ക്ലബ്ബ് |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠനനേട്ടങ്ങൾ ഉറപ്പു വരുത്തുക | ♦ വായന മത്സരം<br>♦ ക്ലാസ്സ് ലൈബ്രറി<br>♦ ഇ - വായന<br>♦ വായന കുറിപ്പുകൾ | 3 മാസത്തിൽ ഒരിക്കൽ | അറബിക് ടീച്ചർ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമികളിൽ ഒരുക്കുക. | ♦ പതിപ്പുകളുടെ നിർമ്മാണം<br>♦ വായനകുറിപ്പ് ശേഖരണം<br>♦ ചുമർപത്രങ്ങൾ<br>♦ പോസ്റ്ററുകൾ | 3 മാസത്തിൽ ഒരിക്കൽ | |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക. | ♦ ആശയവിനമയവേദി<br>♦ അറബിക് അസംബ്ലി<br>♦ ഭാഷാപ്രദർശനം | മാസത്തിൽ 1 തവണ | |
| സർഗ്ഗാത്മക കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക | ♦ അറബിക് മേള | വർഷത്തിൽ 1 തവണ | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷി കളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | എസ്.ആർ.ജി. |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗി ച്ചുള്ള വോട്ടെടുപ്പ് എന്നി വയിലൂടെ സ്കൂൾ പാർല മെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർല മെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | സോഷ്യൽ സയൻസ് ക്ലബ്<br>സോഷ്യൽ സയൻസ് അധ്യാപകർ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ |

## ഉപമേഖല - സോഷ്യൽ സയൻസ് - ലൈബ്രറി,സംവാദം,സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ<br>ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം, പ്രത്യേക വിഷ യങ്ങളിൽ സെമിനാർ തുട ങ്ങിയവ (കൂടുതൽ അറി യാൻ) | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ<br>നദികൾ, ഭൂപ്രകൃതി, തല സ്ഥാനം എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക.<br>ഐസിടി സാധ്യത ഉപ യോഗിച്ച് മെമ്മറി ടെസ്റ്റ്<br>സമകാലിക പ്രസക്തി യുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങി യവ സംഘടിപ്പിക്കൽ | മാസത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>മാസത്തിൽ 1 വീതം | സോഷ്യൽ സയൻസ് അധ്യാപകർ<br>സോഷ്യൽ സയൻസ് ക്ലബ് |
| ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും സ്മാരക ങ്ങളും സന്ദർശിക്കൽ<br>വിഡയോ പ്രദർശനം | പഠനയാത്രകൾ<br>ഐസിടി ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാ ധാന്യമുള്ള ഇടങ്ങൾ പ്രദർശിപ്പിക്കുന്നു,<br>പ്രകൃതിദുരന്തങ്ങളുടെ ഫോട്ടോകളും വീഡിയോ കളും പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ 1 പ്രാവിശ്യം | |

| ഉപമേഖല: ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ♦കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | ♦ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>പരീക്ഷണക്കളരി-പരീക്ഷണങ്ങൾ മുന്നിൽ പ്രദർശിപ്പിക്കൽ.<br>♦സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് |
| ♦ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് |
| ♦ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ മുതൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ടീച്ചേഴ്സ് |
| ♦പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 1 തലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | സയൻസ് ക്ലബ്ബ് |
| ♦ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് |
| ♦ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ♦ഊർജ്ജ ക്ലബ് ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ്, ലഹരി ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ വിവിധ പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>♦ശാസ്ത്ര ശിലപ്പശാല<br>♦ സെമിനാർ<br>♦ ശാസ്ത്ര വിസ്മയ ചുമർ | ഒക്ടോബർ<br>വർഷത്തിൽ പലതവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ടീച്ചേഴ്സ് |

| ഉപമേഖല: ശാസ്ത്രം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ♦ജീവിതസാഹചര്യങ്ങളെ മുൻ നിർത്തി ശാസ്ത്രത്തെ തിരിച്ചറിയുക | ♦ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം ,പച്ചക്കറി തോട്ടം, കാവുകൾ തുടങ്ങിയവ സന്ദർശിക്കുക. | അദ്ധ്യയനവർഷം | സയൻസ് അദ്ധ്യാപകർ |
| ♦നിത്യജിവിതാനുഭവങ്ങളും ശാസ്ത്രബോധവും തമ്മിൽ ബന്ധിപ്പിച്ച് പഠിക്കുക. | ♦കണ്ടറിയാൻ ഒരു യാത്ര (ഇന്ന് സ്ഥിരമായി കാണാൻ പറ്റാത്ത പ്രകൃതി വിഭവങ്ങൾ കാണുക)<br>♦പരീക്ഷണക്കളരി | ഓഗസ്റ്റ് മുതൽ | സയൻസ് അദ്ധ്യാപകർ |
| ♦ശാസ്ത്രരംഗത്തെ നൂതനാശയങ്ങളും പഠനങ്ങളും സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തിക. | ♦ശാസ്ത്രവിസ്മയങ്ങളുടെ വീഡിയോ പ്രദർശനം | അദ്ധ്യയനവർഷം | |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ♦ജൈവകൃഷി ഒരുക്കൽ | സ്കൂൾ വളപ്പിൽ ജൈവകൃഷി ഒരുക്കുന്നു. | 1 വർഷം | ഇക്കോക്ലബ് |
| ♦ഫലവൃക്ഷങ്ങളുടെ നടീൽ | സ്കൂൾ വളപ്പിൽ ഫലവൃക്ഷ തൈകൾ നടുന്നു. | വർഷത്തിൽ ഒരിക്കൽ | ഇക്കോക്ലബ് |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| കുട്ടികളുടെ കായിക ശേഷിയും സ്വയപ്രതിരോധ ശേഷിയും വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | ♦ കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരീശിനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>♦ ത്രോബോൾ, ബാസ്കറ്റ്ബോൾ,ഷട്ടിൽബാന്റ്മിന്റൻ, കബഡി എന്നിവയിൽ പരിശീലനം<br>♦ കുട്ടിൾക്ക് കരാട്ടേയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ | ആഴ്ചയിൽ എല്ലാ ദിവസവും അവധി ദിവസങ്ങളിലും<br>1 വർഷം<br>ആഴ്ചയിൽ 1 ദിവസം | കായികാധ്യാപിക |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦രസകരമായ ഗണിശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ♦ഒറിഗാമി ശില്പശാല | അദ്ധ്യയന വർഷം 1 തവണ | ഗണിത ടീച്ചർ |
| ♦ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ<br><br>♦ഗണിതം മധുരമാക്കൽ<br><br>♦ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.<br><br>♦ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു. | ♦ഗണിതലാബിൽ വെച്ച് ഗണിത ക്ലാസ്സ് തടത്തും.<br><br>♦ഗണിതപാർക്ക് (ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ<br>♦ഗണിതഗ്രാമം<br><br>♦ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ തുടങ്ങിയവ കുട്ടികളിലേക്ക് എത്തിക്കുന്നു.<br><br>♦ഗണിതക്ലിനിക്ക് | ആവശ്യാനുസരണം<br><br>അദ്ധ്യയന വർഷം 1 തവണ<br><br>മാസത്തിൽ മൂന്ന് പ്രാവിശം<br><br>ആഴ്ചയിൽ 1 പീരിഡ് | ഗണിത ക്ലബ്<br><br>ഗണിത അദ്ധ്യാപകരും സമർദ്ധരായ കുട്ടികളും. |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ♦ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ♦ ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്നു.<br>♦ ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്നു. | ലാബ് സജ്ജീകരണം ആവശ്യമുള്ള സന്ദർഭങ്ങളിൽ<br><br>ക്ലാസ്സ് മുറികളിൽ പ്രദർശിപ്പിക്കുന്നു. | ഗണിതശാസ്ത്ര ക്ലബ്ബ്<br><br>ഗണിത ടീച്ചർ |
| ♦ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ♦അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>♦ഗണിതശില്പശാല<br>♦കളിരീതിയിലൂടെ അടിസ്ഥാന ക്രീയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്,മഞ്ചാടിക്കുരു,മുത്തുകൾ, ഫ്ളഷ് കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ഗണിത ടീച്ചർ |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | കരാട്ടെ, യോഗ, സൂംബ ഡാൻസ് എന്നിവയിൽ പരിശീലനം. | ആഴ്ചയിൽ ഒരു ദിവസം വൈകിട്ട് (പ്രവൃത്തി ദിനങ്ങളിൽ) | അധ്യാപകർ |

| ഉപമേഖല: കലാമേഖല | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| കലാമികവുള്ളവർക്ക് പരിശീലനം | ♦ കലാവാസനകൾ കണ്ടെത്തി അതാത് മേഖലകളിലെ വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 1 ദിവസം | മ്യൂസിക് ടീച്ചർ |
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ. | ♦ കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. | മാസത്തിൽ 1 തവണ | |

| ഉപമേഖല: പ്രവൃത്തിപഠനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പ്രവൃത്തി പഠന പരിശീലനം | ♦ താല്പരരായ കുട്ടികൾക്ക് പ്രവൃത്തി പഠന പരിശീലനം നൽകി മികച്ച ഉൽപ്പനങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | ആഴ്ചയിൽ 1 | തുന്നൽ ടീച്ചർ |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 1 വർഷത്തിൽ 3 മാസം | സയൻസ് അധ്യാപകർ |

| ഉപമേഖല: ഒ.ആർ.സി. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| മാനസിക വൈകാരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ക്കായി എക്സാം ഓറിയന്റേഷൻ ക്ലാസ്സുകൾ | ♦പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി എക്സാം ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തപ്പെടുന്നു. | വർഷത്തിൽ 3 തവണ | ഒ.ആർ.സി. നോഡൽ ടീച്ചർ |
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ഒ.ആർ. സി ട്രെയിനിംഗ് ക്ലാസ്സുകളും ക്യാമ്പുകളും | ♦ഒ.ആർ.സി ട്രെയനിംഗിന്റെ ഭാഗമായി ക്യാമ്പുകളും ക്ലാസ്സുകളും നടത്തപ്പെടുന്നു. | 6 മാസത്തിൽ ഒരിക്കൽ | |

| ഉപമേഖല: കൗൺസിലിങ്ങ് | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ള വരാക്കൽ | ♦ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | ജൂൺ,ഫെബ്രവരി മാസങ്ങളിൽ | ക്ലാസ്സ് ടീച്ചർ |
| | ♦ ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ.<br>♦ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്<br>♦ ഗ്രൂപ്പ് കൗൺസിലിങ്ങ്. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | ടീൻസ് ക്ലബ് കൺവീനർ |

| മേഖല - അക്കാദമികം - സാമൂഹിക<br>ഉപമേഖല: പി.ടി.എ. ശക്തിപ്പെടുത്തൽ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| പി.ടി.എ. ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുന്നതിനും | പി.ടി.എ. യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | ക്ലാസ് അധ്യാപകർ |

| മേഖല - അക്കാദികം - സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ.) | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| പ്രദേശിക പി.ടി.എ.രൂപീകരിക്കലും അക്കാദമിക വിഷയങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തലും | എസ്.എസ്.എൽ.സി. ക്ക് മികച്ച വിജയം നേടുന്നതിന് 10-ാം തരം വിദ്യാർത്ഥകളുടെ രക്ഷിതാക്കളെ മേഖലകളിലായി തിരിച്ച് പ്രാദേശിക പി. ടി. എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ 1 പ്രാവശ്യം തുടക്കത്തിലും ഡിസംബർ, ജനുവരി മാസങ്ങളിലും | പി.ടി.എ.<br>എസ്.ആർ.ജി |

# ഉപസംഹാരം

St. Joseph’s CGHS Kottayam 1893 മുതൽ കോട്ടയത്തെ വിദ്യാഭ്യാസരംഗത്ത് മികവിന്റെ ദീപസ്തംഭമായി നിലകൊണ്ടിരിക്കുന്നു. പുതുതലമുറയെ വിജ്ഞാനത്തിലും മൂല്യങ്ങളിലും വളർത്തി സമൂഹത്തിന് പ്രകാശം പകരുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

2025–26 അധ്യയന വർഷത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ, വിദ്യാർത്ഥികളുടെ സമഗ്രവികസനത്തെയും അധ്യാപകരുടെ ശാക്തീകരണത്തെയും ഒരുപോലെ മുൻനിർത്തുന്നു. അക്കാദമിക മികവിനൊപ്പം കലാ–കായിക–സാമൂഹിക മേഖലകളിൽ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണവും ആരോഗ്യപരിപാലനവും, സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പ്രയോഗവും സ്കൂൾ ഉറപ്പാക്കുന്നു.

ഭൗതിക സൗകര്യങ്ങളുടെ വികസനം, ഐ.സി.ടി. അധിഷ്ഠിത പഠനത്തിന്റെ വിപുലീകരണം, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന, അധ്യാപകരുടെ പ്രൊഫഷണൽ വളർച്ച, സമൂഹ ബന്ധം ശക്തിപ്പെടുത്തൽ എന്നിവയിലൂടെ St. Joseph’s CGHS Kottayam തന്റെ വിദ്യാർത്ഥികളെ മികച്ച പൗരന്മാരാക്കി തീർക്കാനുള്ള ദൗത്യം വിജയകരമായി മുന്നോട്ട് കൊണ്ടുപോകും.

ഈ മാസ്റ്റർ പ്ലാൻ വിജയകരമായി നടപ്പിലാക്കപ്പെടുമ്പോൾ, നമ്മുടെ സ്കൂൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മാത്രമല്ല, രാജ്യത്തിന്റെ വിദ്യാഭ്യാസരംഗത്തും മാതൃകയായി നിലകൊള്ളുമെന്ന് ഉറപ്പാണ്.

